## എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സിലേക്കുള്ള കോപ്പി ഹോൾഡർ തസ്തികയിലേക്കുള്ള നിയമനം

55(796)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മേയ് മാസത്തിൽ എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സിന് കോപ്പിഹോൾഡർ തസ്തികയ്ക്ക് വേണ്ടി നടത്തിയ പി.എസ്.സി പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് ഇതുവരേയും പ്രസിദ്ധീകരിച്ചിട്ടില്ല എന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ടെസ്റ്റിന്റെ റിസൾട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കയ്യൂർ-കരിവെള്ളൂർ-പുന്നപ്ര വയലാർ കാവുംപായി സമരങ്ങളിൽ പങ്കെടുത്തവർക്ക് കേന്ദ്ര പെൻഷൻ

56(797)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യൂർ, കരിവെള്ളൂർ, പുന്നപ്രവയലാർ കാവുംപായി സമരങ്ങളിൽ പങ്കെടുത്തവർക്ക് കേന്ദ്ര പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചതിനെതുടർന്ന് എത്ര അപേക്ഷകൾ ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ അപേക്ഷകളിൽ ഓരോ ജില്ലയിലും എത്ര അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് പെൻഷൻ ലഭിച്ചിട്ടുണ്ടെന്നും ഉള്ള വിവരം അറിയിക്കുമോ?

ഉത്തരം

(എ) കയ്യൂർ, കരിവെള്ളൂർ, പുന്നപ്ര വയലാർ, കാവുംപായി സമരങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ചതിനുശേഷം എറണാകുളം ഒഴികെയുള്ള ജില്ലകളിലായി മൊത്തം 1903 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഈ അപേക്ഷകളിൽ ജില്ലാ കളക്ടർമാർ 431 എണ്ണം ശുപാർശ ചെയ്തിട്ടുണ്ട്. (കോട്ടയം-1, കാസർകോഡ്-28, തൃശൂർ-1, കണ്ണൂർ-97, ആലപ്പുഴ-294, കൊല്ലം-10). ഇതിനകം 10 പേർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. (ആലപ്പുഴ-8, കണ്ണൂർ-1, കൊല്ലം-1)

## ധീരതയ്ക്കുള്ള അവാർഡ്

57(798)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് എത്ര പേർക്ക് ജീവൻരക്ഷാ പഥക് അവാർഡും എത്ര ശിശുക്കൾക്ക് ധീരതയ്ക്കുള്ള അവാർഡും ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly